"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ ഹൈഡ്രാ 825 Pick and Carry Mobile ക്രെയിനിന്റെ ഇൻഷുറൻസ് പോളിസി (2026-27) പുതുക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.328/2026/F&P തീയതി,തിരുവനന്തപുരം, 06-06-2026

---

പരാമർശം:- കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/5/2026 ലെ HOKMB-TVM/691/2025-D1 (Tech) നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ ഹൈഡ്രാ 825 mobile ക്രെയിനിന്റെ ഇൻഷുറൻസ് പോളിസിയുടെ കാലാവധി 25/07/2026-ൽ അവസാനിക്കുന്നതിനാൽ പ്രസ്തുത പോളിസി പുതുക്കുന്നതിനായി കോഴിക്കോട് ജില്ലാ ഇൻഷുറൻസ് ഓഫീസർ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് 7,367/- രൂപയുടെ (ഏഴായിരത്തി മുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ഭരണാനുമതി "5051-80-800- 98 Augmentation of Workshop and stores organization-19-Machinery and Equipment" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബേപ്പൂർ തുറമുഖത്തെ ഹൈഡ്രാ 825 mobile ക്രെയിനിന്റെ ഇൻഷുറൻസ് പോളിസി പുതുക്കുന്നതിനായി കോഴിക്കോട് ജില്ലാ ഇൻഷുറൻസ് ഓഫീസർ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് 7,367/- രൂപയുടെ (ഏഴായിരത്തി മുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ഭരണാനുമതി "5051-80-800-98 Augmentation of Workshop and stores organization-19-Machinery and Equipment" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 06-06-2026 15:05:28

സെക്ഷൻ ഓഫീസർ